# 15

# ബുദ്ധിയെ കവിയുന്ന സമാധാനം

## (4:4-7)

അദ്ധ്യായം 4-ൽ പൗലൊസ്, ധ്രുതഗതിയിലുള്ള അനുക്രമവും ആമുഖവുമാണ് വായനക്കാർക്ക് നൽകുന്നത്. ബൈബിളിലെ ഏറ്റവും ആത്മിക വർദ്ധന നടത്തുന്ന ഭാഗമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു പ്രധാന വിഷയമാണ് സമാധാനം: "എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും" (4:7); "സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ഇരിക്കും" (4:9). ഫിലിപ്പിയർ 4 നെ "പുതിയ നിയമത്തിലെ സമാധാന അദ്ധ്യായം" എന്നാണ് വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ വിശേഷിപ്പിച്ചത്.[1]

### കർത്താവിൽ സന്തോഷിക്കൽ (4:4)

**4 കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു!**

**വാക്യം 4.** ഈ വാക്യത്തിൽ അപ്പൊസ്തലൻ സന്തോഷം എന്ന വിഷയത്തിന്റെ ആവർത്തനത്തിലേക്കാണ് മടങ്ങി വരുന്നത് (1:18; 2:17, 18, 28, 29; 3:1), എന്നാൽ ഇവിടെ അവൻ കൂടുതൽ ഊന്നൽ കൊടുത്തിരിക്കുന്നു: **കർത്താവിൽ** ***എപ്പോഴും*** **സന്തോഷിപ്പിൻ** (എംഫസിസ് ആഡഡ്). മൂല ഗ്രന്ഥത്തിൽ, വർത്തമാനകാലമാണ് ഉപയോഗിച്ചിരിക്കുന്നത്. അക്ഷരികമായി പറയുന്നത് "കർത്താവിൽ സന്തോഷിച്ചുകൊണ്ടിരിപ്പിൻ–എപ്പോഴും!" ഫിലിപ്പിയ സഹോദരനും പൗലൊസും തമ്മിൽ ഇത് മാറി മാറി ഉപയോഗിക്കുന്നതിനെ ഒന്ന് ഊഹിക്കുക:

"നിന്നെ പോലെ തടവിലായിരിക്കുമ്പോഴും, മോശമായി പെരുമാറിയാൽ പോലുമോ?"

"അതെ!"

"നിന്നെ ചെയ്തതുപോലെ, ഉപദ്രവിച്ചാലും മോശമായി പെരുമാറിയാലും സന്തോഷിപ്പിൻ എന്നാണോ?"

"അതെ!"

അത്തരം എതിർപ്പുകൾ പൗലൊസ് പ്രതീക്ഷിച്ചിരുന്നതു നിമിത്തമാകാം അപ്പൊസ്തലൻ ആ പ്രബോധനം ആവർത്തിച്ചത്: ഞാൻ പിന്നെയും പറയുന്നു! വേറൊരു വാക്കിൽ പറഞ്ഞാൽ, "എന്തു സംഭവിച്ചാലും, സന്തോഷിപ്പിൻ!" അതിന് എങ്ങനെ കഴിയും? ഒരിക്കൽ കൂടെ പറയുന്നു, മൂന്നു പ്രവാശ്യം പറഞ്ഞത് കാണാതെ പോകുകയില്ല: "കർത്താവിൽ." "ജീവിതത്തിലെ, എല്ലാ സന്ദർഭങ്ങളിലും നമുക്ക് എപ്പോഴും സന്തോഷിക്കുവാൻ കഴിയുകയില്ല."[2] എന്നാൽ നമുക്ക് "കർത്താവിൽ" എപ്പോഴും സന്തോഷിക്കുവാൻ കഴിയും.

## മറ്റുള്ളവരോടുള്ള ബന്ധത്തിൽ (4:5)

**[5]നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ. കർത്താവ് വരുവാൻ അടുത്തിരിക്കുന്നു.**

"കർത്താവിൽ സന്തോഷിപ്പാനുള്ള" പ്രബോധനം നാം അനുസരിച്ചാൽ നമ്മുടെ ഹൃദയങ്ങളിൽ മാത്രമായിരിക്കുകയില്ല, നമുക്ക് ചുറ്റുമുള്ളവർക്കും അത് അനുഭവപ്പെടും. നാം മറ്റുള്ളവരോട് എങ്ങനെ ബന്ധപ്പെടണം എന്ന താണ് പൗലൊസിന്റെ അടുത്ത കൽപന.

**വാക്യം 5**. സൗമ്യാത്മാവ് എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*എ പെയികെസ്*) തർജിമ ചെയ്യുവാൻ പ്രയാസമേറിയ വലിയ ഗ്രീക്കുവാക്കുക ളാലാണ്"[3] *എപെയിയെകെസ്* എന്നത് "റീസണബിൾസ്" (*എയിക്കോസ്*) എന്നതിനുള്ള സംയുക്ത വാക്കാണ്. അതിൽ "ഓൺ" എന്ന പ്രിപൊസിഷനും (*എപി*). അത് "മധുരവും യുക്തവുമായ മഹാമനസ്ക്കത" "എന്ന ആശയ ത്തെയാണ് 'പ്രകടമാക്കുന്നതെന്നാണ് ജെറാൾഡ് എഫ്. ഹാവ്ത്രോൺ പ റഞ്ഞത്' "[4] വ്യത്യസ്ത വാക്കുകളാൽ അതിനെ പ്രകടിപ്പിച്ചിട്ടുണ്ട്, ഉദാഹരണ മായി "മിതത്വം" (കെജെവി), "അടക്കം" (ഏഎസ്‌വി; ആർഎസ്‌വി). അതിനെ "സൗമ്യത" എന്നാണ് യാക്കോബ് 3:17 ൽ, പല തർജിമക്കാരും "സൗമ്യത" എന്ന ആശയമാണ് അവിടെ ഉൾപ്പെടുത്തിയിരിക്കുന്നത് (എൻഐവി; സി ഈവിയിലും ഏഎസ് വിയുടെ ചില അച്ചടികളിലെ കുറിപ്പിലും); "സൗമ്യ മനോഭാവം" (റ്റിഇൗവി), "സൗമ്യതയും ദയയും" (എൻസിവി), "യുക്തവും സൗമ്യവും" (സിജെബി). *എപിയെയികെസ്* താഴെ കൊടുത്തിരിക്കുന്ന ആശ യങ്ങൾ വ്യക്തമാക്കുന്നു:

ഒരു മധുര മനോഭാവം
സ്വന്ത വഴിക്ക് ശഠിക്കാതെയുള്ള സഹകരണ മനോഭാവം (1 കൊ. 13:4–7)
വിവേചനത്തിനുള്ള കഴിവ് (യുക്തിരഹിതമാകാതിരിക്കൽ)

2 കൊരിന്ത്യർ 10:1–ൽ യേശുവിനെ പറയുവാൻ ആ വാക്ക് ഉപയോഗിച്ചിരിക്കു ന്നു. റിച്ചാർഡ് ബി. കഫിൻ, ജൂനിയർ. അതിന്റെ അർത്ഥം ഇങ്ങനെ പറഞ്ഞിരി ക്കുന്നു: "മറ്റുള്ളവരോട് ക്രിസ്തുവിനെ പോലെ കരുതുക"[5] എളുപ്പം ക്ഷോഭി ക്കുന്ന തരത്തിൽ പൊരുത്തപ്പെടാതിരിക്കുന്ന രണ്ട് സഹോദരിമാരുടെ നിരപ്പ് പൗലൊസ് 4:2–ൽ സുഗമമാക്കുകയാണ്. സാഹോദര്യബന്ധത്തിൽ മാത്രമല്ല ഈ മനോഭാവം നമ്മുടെ എല്ലാ ബന്ധങ്ങളിലും ആവശ്യമാണ്. പൗലൊസ് പറഞ്ഞത്, നിങ്ങളുടെ സൗമ്യത **സകല മനുഷ്യരും** ["കാണുകയും തിരിച്ച റിയുകയും"][6] **അറിയട്ടെ** എന്നാണ് (എംഫസിസ് ആഡഡ്). "കർത്താവിൽ" നമ്മുടെ മനോഭാവം ലോകം കാണേണ്ടതുണ്ട്!

ക്രിയാത്മക നടപടി നിലനിർത്തുക എളുപ്പമല്ല. "മധുരമായ യുക്തി ത്വത്തിന്" ശക്തമായ കാരണം തന്നെ പൗലൊസ് നൽകി കഴിഞ്ഞു: നാം "കർത്താവിൽ" ആണ് എന്നോർമ്മിക്കുക; ഇപ്പോൾ, അവൻ മറ്റൊന്നു കൂടെ ചേർത്തിരിക്കുന്നു: **കർത്താവ് വരുവാൻ അടുത്തിരിക്കുന്നു**. "അടുത്തിരി ക്കുന്നു" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*എൻഗസ്*) കർത്താവ് ഒരിക്കലും അകലെ അല്ല എന്നാണ് അർത്ഥം (മത്താ. 28:20 നോക്കുക).

സന്ദർഭത്തിൽ, "അടുത്തിരിക്കുന്നു" എന്നത് ഒരുപക്ഷെ യേശുവിന്റെ രണ്ടാം വരവ് ആസന്നമെന്ന് എപ്പോഴും പറഞ്ഞിരിക്കുന്നതാകാം (ഫിലി. 3:10, 11, 14, 20, 21 നോക്കുക).

## വിചാരപ്പെടുന്നതിൽനിന്നു ഒഴിഞ്ഞുനിൽക്കൽ (4:6)

**6... ഒന്നിനെ കുറിച്ചും വിചാരപ്പെടരുത്.**

**വാക്യം 6.** പൗലൊസിന്റെ അടുത്ത കൽപന ഏതാണ്ട് ഞെട്ടിപ്പിക്കുന്നതാണ്: ഒന്നിനെ കുറിച്ചും വിചാരപ്പെടരുത്. സീഇൗവിയിൽ ഇങ്ങനെയാണുള്ളത്: "യാതൊന്നിനെ കുറിച്ചും വിചാരപ്പെടരുത്." വിചാരപ്പെടാതിരിക്കുകയോ? ഒരുനിമിഷം നിൽക്കണേ! വിചാരപ്പെടുന്നത് ജീവിതത്തിന്റെ ഒരു ഭാഗമായി നാം സ്വീകരിച്ചുകഴിഞ്ഞതല്ലേ? മൂന്നു തരത്തിലുള്ള ആളുകളെയാണ് ബോബ് ലിയോൺസ് എടുത്തു പറയുന്നത്: കുഴപ്പമുള്ളവർ, കുഴപ്പം ഉണ്ടായിരുന്നവർ, കുഴപ്പം ഉണ്ടാകുവാനിരിക്കുന്നവർ.[7] കാര്യം അങ്ങനെയാണെങ്കിൽ, നാം വിചാരപ്പെടരുത് എന്നല്ല പൗലൊസ് അർത്ഥമാക്കിയത്!

ഫിലിപ്പിയർ വിചാരപ്പെടരുത് എന്ന് പൗലൊസ് കൽപിക്കുവാൻ കാരണമെന്ത്? അവരുടെ കുഴപ്പങ്ങളെ അവൻ ലഘുവായിട്ടാണോ കണ്ടത്? അല്ല. അവരുടെ പ്രശ്നങ്ങൾ എത്ര വലുതായാലും അതിനേക്കാൾ വലിയവനാണ് ദൈവം എന്നു അവരെ ബോധ്യപ്പെടുത്തിക്കൊടുപ്പാനാണ് പൗലൊസ് ആഗ്രഹിച്ചത്. ജീവിതം കൊണ്ടുവരുന്ന പ്രതിസന്ധിയും ബുദ്ധിമുട്ടും പരിഹരിക്കുവാൻ പിതാവ് സഹായിക്കുവാനായിട്ടുണ്ട് എന്ന വിശ്വാസവും കുറയുന്നത് നിമിത്തമാണ് വിചാരപ്പെടുന്നത് (മത്താ. 6:25–33).

"വിചാരം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*മെറിംനാവോ* എന്നതിന്റെ രൂപഭേദമാണ്) അടിസ്ഥാനപരമായ അർത്ഥം "കരുതുക" എന്നാണ്.[8] ഈ ഗ്രീക്ക് വാക്ക് ചിലപ്പോൾ ക്രിയാത്മകമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത് (ഫിലി. 2:20 നോക്കുക), എന്നാൽ പൊതുവിൽ അത് നിഷേധ പ്രസ്താവനയാണ്. യേശുവും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു, "അതുകൊണ്ട് നാളെക്കായി വിചാരപ്പെടരുത്" (മത്താ. 6:34). ആ വാക്കിന്റെ നാമം ഉപയോഗിച്ച് പത്രൊസ് എഴുതി, "നിങ്ങളുടെ സകല ചിന്താകുലങ്ങളും അവന്റെ മേൽ ഇട്ടുകൊൾക" (1 പത്രൊ. 5:7). *മെരിമ്നാവോ* ബന്ധപ്പെട്ടിരിക്കുന്നത് ഒരുപക്ഷെ *മെരിസോയു*മായിട്ടാണ്, അർത്ഥം, "വ്യത്യസ്ത ദിശകളിലേക്ക് വലിക്കൽ."[9] വിചാരപ്പെടുന്ന മനസ് ഭയം നിമിത്തം ഇങ്ങോട്ടും അങ്ങോട്ടും വലിക്കും: അത് പ്രത്യാശയാൽ ഒരു ഭാഗത്തേക്കും ഭയത്താൽ മറ്റൊരു വശത്തേക്കും വലിക്കും. ഫലം പലപ്പോഴും, നിരാശയും നിസഹായതയുമായിരിക്കും.

## സഹായം അഭ്യർത്ഥിക്കൽ (4:6)

**6... എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്.**

**വാക്യം 6.** വിചാരപ്പെടുകയല്ലെങ്കിൽ, നാം എന്താണ് ചെയ്യുക? വാക്യം 6 ന്റെ അവസാനഭാഗം തുടങ്ങുന്നത് **എന്നാൽ** എന്നാണ്. മറ്റൊരു വാക്കിൽ

പറഞ്ഞാൽ, "വിചാരപ്പെടുന്നതിനു പകരം, ഇതു ചെയ്യുക." എന്തു ചെയ്യുക? **എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്**. വിചാരപ്പെടുന്നതിനുള്ള പൗലൊസിന്റെ മറുമരുന്ന് പ്രാർത്ഥനയാണ്. ഇന്നും വിചാരപ്പെടുന്നവർക്കുള്ള പ്രതിവിധി അത് തന്നെയാണ്. ജെ. ഏ. ബെഞ്ചെൽ പറഞ്ഞു, "കരുതലും പ്രാർത്ഥനയും ... തീയും വെള്ളവും എന്നു പറയുന്നതുപോലെ എതിരാണ്."[10] നമ്മൾ "വെളിച്ചവും ഇരുട്ടും" എന്നോ അല്ലെങ്കിൽ "ചൂടും തണുപ്പും" എന്നോ പറഞ്ഞേക്കാം.

വിചാരപ്പെടുന്നതിന് ഒരു "എളുപ്പ–വഴി" നിർദ്ദേശിക്കുകയായിരുന്നില്ല പൗലൊസിന്റെ ഉദ്ദേശം. "എളുപ്പ–പരിഹാരമായിട്ടല്ല അപ്പൊസ്തലൻ പ്രാർത്ഥന നൽകുന്നത്,'' അപ്പൊസ്തലന്റെ മനസിൽ ''വൈകുന്നേരം കിടക്കയിലേക്ക്–പോകുമ്പോഴും, പ്രഭാതത്തിൽ ഉണരുമ്പോഴും പ്രാർത്ഥന എന്നു പേരിട്ടിരിക്കുന്ന ചൊല്ലൽ ആയിരുന്നില്ല" എന്നാണ് മാക്സി ഡി. ഡുനാം എഴുതിയത്. മറിച്ച് അവൻ പറഞ്ഞു,

> കാര്യങ്ങൾ ദൈവസന്നിധിയിലേക്ക് കൊണ്ടുവരിക എന്ന ഗൗരവസംഭവമാണ് [പൗലൊസ്] പറയുന്നത്, ദൈവത്തിലുള്ള നമ്മുടെ ആശ്രയം പരീക്ഷിക്കപ്പെടുന്ന സമയമാണ് അത്, അതായത് ... നമ്മുടെ ജീവിതം ദൈവ കരങ്ങളിൽ ഏൽപ്പിക്കൽ ... ഒരാൾ സ്വയമായി വർത്തമാനകാലത്തിലെയും ഭാവികാലത്തിലെയും ഭാരങ്ങൾ സ്വയം വഹിക്കുന്നതാണ് [വി] ചാരപ്പെടൽ. പ്രാർത്ഥന അതിനെ പറിച്ചെടുത്ത് ദൈവകരങ്ങളിൽ ഏൽപിക്കലാണ്.[11]

വെള്ളം തീയിൽ ഒഴിക്കുമ്പോൾ, തീ കെട്ടുപോകുന്നു. പ്രഭാതത്തിൽ പ്രകാശം വരുമ്പോൾ, ഇരുട്ട് നീങ്ങുന്നു. എന്തെങ്കിലും നാം ചൂടാക്കുമ്പോൾ, അതിന്റെ തണുപ്പ് അപ്രത്യക്ഷമാകുന്നു. അതുപോലെ, നമ്മുടെ പ്രശ്നങ്ങൾ നാം ദൈവത്തിൽ ആശ്രയിച്ച് ഏൽപ്പിക്കുമ്പോൾ–യഥാർത്ഥത്തിൽ ആശ്രയിക്കുമ്പോൾ–അവന്റെ കരുണയാൽ–നമ്മുടെ വിചാരങ്ങൾ അപ്രത്യക്ഷമാകുന്നു.

ജോൺ എഫ്. വാൽവൂഡ് ഫിലിപ്പിയർ 4:6 നെ വിശേഷിപ്പിച്ചത് "ബൈബിളിലെ ഏറ്റവും വലിയ പ്രബോധനാ പ്രാർത്ഥന"[12] എന്നാണ്. "എല്ലാ കാലത്തും ക്രിസ്ത്യാനികൾക്ക് പ്രോൽസാഹനവും അനുഗ്രഹവും, നടത്തിപ്പും ലഭിക്കുന്ന വേദഭാഗമാണ് ഇത്" എന്ന് റാൽഫ് പി. മാർട്ടിൻ പറഞ്ഞിരിക്കുന്നു.[13]

വാക്യം 6 ൽ പൗലൊസ് പ്രാർത്ഥനക്ക് വ്യത്യസ്ത വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഓരോന്നും ഉൾപ്പെടുത്തി "സകലത്തിലും" എന്നാണ് പറഞ്ഞിരിക്കുന്നത്: "*സകലത്തിലും* പ്രാർത്ഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ ദൈവത്തോട് അപേക്ഷിക്കയത്രേ വേണ്ടത്" (എംഫസിസ് ആഡഡ്).

പൗലൊസ് ആദ്യം ഉപയോഗിച്ചത് "പ്രാർത്ഥന" ക്ക് പൊതുവിൽ ഉപയോഗിക്കുന്ന വാക്കാണ്. "ഒന്നിനെ കുറിച്ചും വിചാരപ്പെടരുത്, സകലത്തിലും പ്രാർത്ഥനയാലും അപേക്ഷയാലും ..." (എംഫസിസ് ആഡഡ്). ഇവിടെ ഉപയോഗിച്ച ഗ്രീക്ക് വാക്ക് *പ്രോസെയുക്കേ*, "പ്രാർത്ഥന" (*എയുക്കേ*) എന്നതിന്റെ ആമുഖമായി, പ്രിപോസിഷൻ "ടു" അല്ലെങ്കിൽ "ടുവേർഡ്" (*പ്രോസ്*). അതു പറയുന്നത് "പ്രെയർ ടുവേർഡ്"–അതായത് ദൈവത്തിലേക്ക്. എന്തു സംഭ

വിച്ചാലും, അത് പ്രാർത്ഥനയിൽ "കർത്താവിന് ഏൽപ്പിക്കണം." സിഇൗവി വാക്യം 6 തർജിമ ചെയ്തിരിക്കുന്നത്, "യാതൊന്നിനെ കുറിച്ചും വിചാരപ്പെടാതെ, എല്ലാറ്റിനു വേണ്ടിയും പ്രാർത്ഥിക്കുക."

പൗലൊസ് പിന്നെ ഉപയോഗിച്ച വാക്ക് "യാചന" എന്നാണ്; "... സകലത്തിലും പ്രാർത്ഥനയാലും *യാചനയാലും* ..." (എംഫസിസ് ആഡഡ്). "യാചന" (*ഡീസെയി*) പ്രത്യേക തരം പ്രാർത്ഥനയാണ്. ഇംഗ്ലീഷ് വാക്ക് സൂചിപ്പിക്കുന്നതുപോലെ, അതു ദൈവത്തോട് ചിലത് ആവശ്യപ്പെടുന്നതാണ്. എന്താണ്? "സകലത്തിലും" എന്ന വാക്ക് ഓർമ്മിക്കുക. ചാൾസ് ആർ. ഏർഡ്മാൻ എഴുതി, "ദൈവത്തിന്റെ ശക്തിയിൽ ഒതുങ്ങാത്ത ശക്തിയുള്ള മറ്റൊന്നുമില്ല. അതുപോലെ അവന്റെ കരുതലിൽ [പെടാ] തിരിക്കത്തക്കതായി [അതായത്] വളരെ ചെറുതായിട്ടും ഒന്നുമില്ല."[14]

"യാചന" എന്ന വാക്കുമായി അടുത്തുനിൽക്കുന്നതാണ് "ആവശ്യങ്ങൾ" എന്ന വാക്ക്.; "... നിങ്ങളുടെ *ആവശ്യങ്ങൾ* സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്." (എംഫസിസ് ആഡഡ്). "ആവശ്യങ്ങൾ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*എയിറ്റേമാ*) "യാചന" യേക്കാൾ കൂടുതൽ വ്യക്തത നൽകുന്നു. അത് തീർച്ചയും ചുരുക്കവുമായ യാചനകളെയാണ് പറയുന്നത്. യാചനകൾ പൊതുവായിട്ടുള്ളതല്ല, പ്രത്യേകമായവയാണ്: പ്രാർത്ഥനകൾ ശ്രദ്ധിക്കണം. നിയമപരമായ പല ആവശ്യങ്ങളും നമുക്ക് ഉന്നയിക്കാം.[15] നമ്മുടേതായ ആവശ്യങ്ങൾ നമുക്ക് സമർപ്പിക്കാം. "നമ്മുടെ *കഴിഞ്ഞകാല* പാപമോചനത്തിനും, *വർത്തമാന കാലത്തിലെ* നമ്മുടെ ആവശ്യങ്ങളും, *ഭാവിയിൽ* നമ്മെ വഴി നടത്തേണ്ടതിന്നും നമുക്ക് അവനോട് അപേക്ഷിക്കാം"[16] എന്നാണ് വില്യം ബാർക്ലേ പറഞ്ഞത്. മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് വേണ്ടിയും നമുക്ക് അപേക്ഷിക്കാം; അതിനെ മദ്ധ്യസ്ഥ പ്രാർത്ഥന എന്നു പറയാം (1 തെസ്സ. 5:25; 2 തെസ്സ. 1:11; യാക്കൊ. 5:16). ഉപയോഗിച്ച വാക്ക് "അവകാശം" എന്നല്ല "ആവശ്യം" എന്നാണ്.[17] എല്ലാ ആവശ്യങ്ങളിലും ഈ യോഗ്യത ഉണ്ടായിരിക്കണം: "എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ നടക്കട്ടെ" (ലൂക്കൊ. 22:42).

ഒരു ചോദ്യം ഉന്നയിച്ചേക്കാം: "എന്തിനാണ് നമ്മുടെ ആവശ്യങ്ങൾ നാം ദൈവത്തോട് അറിയിക്കുന്നത്?" നമ്മുടെ ആഗ്രഹവും ആവശ്യവും നാം ചോദിക്കുന്നതിനു മുൻപ് ദൈവം അറിയുന്നില്ലേ? ഉവ്വ്, അവന് അറിയാം–എന്നാൽ അപ്പോഴും നമ്മോട് അവൻ ചോദിക്കുവാൻ പറഞ്ഞിരിക്കുന്നു (മത്താ. 7:7, 8). ഇതിനെ സംബന്ധിച്ച് യുക്തമായ ഒരു ചിന്ത ബർട്ടൻ കോഫ്മോൻ നൽകി: നാം *ചോദിക്കുന്നതു*വരെ, *ആവശ്യങ്ങൾ* മാത്രമെ ആകുന്നുള്ളു, *അപേക്ഷകൾ* ആകുന്നില്ല.[18]

നാലാമതായി പൗലൊസ് ഉപയോഗിച്ച വാക്ക് "സ്തോത്രത്തോടെ" എന്നാണ്. "എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്." "സ്തോത്രം" എന്ന് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് (*യുക്കാരിസ്റ്റിയ* യുടെ മറ്റൊരു വകഭേദം) "വെൽ" (*എയു*) എന്നും "ടു ഗിവ് ഫ്രീലി" (*കരിസോമായി*) നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്വതന്ത്രമായി സ്തോത്രം ചെയ്യുന്ന മനോഭാവത്തെയാണ് കാണിക്കുന്നത്. "ആഗ്രഹങ്ങളുടെ–ലിസ്റ്റ്" അല്ല പ്രാർത്ഥന; അത് നന്ദിയാൽ രൂപപ്പെട്ടു വരണം.

**[7]എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും.**

**വാക്യം 7.** ഏതാണ്ട് അത്ഭുതകരവും അവിശ്വസനീയവുമായ ഒരു വാഗ്ദാനത്തിലേക്കാണ് നാം ഇപ്പോൾ വരുന്നത്. **ഉം** എന്ന വാക്ക് നാം കാണാതെ പോകരുത്. വാക്യം 4 മുതൽ 6 വരെ തുടർന്നിരുന്ന ഒരു വാഗ്ദാനമാണ് വാക്യം 7 ലേത്: നിങ്ങൾ എല്ലായ്പോഴും സന്തോഷിക്കുമെങ്കിൽ, മധുരമായ യുക്തി എപ്പോഴും പ്രദർശിപ്പിക്കുകയാണെങ്കിൽ, വിചാരപ്പെടുന്നതിനു പകരം–എപ്പോഴും പ്രാർത്ഥിക്കുകയാണെങ്കിൽ–അപ്പോൾ സകല ബുദ്ധിയേയും കവിയുന്ന ദൈവിക സമാധാനം നിങ്ങളെ കാക്കും.

"ദൈവസമാധാനം" എന്നു പറയുന്നത് ദൈവം തരുന്ന സമാധാനമാണ്, അവനു മാത്രമെ അതു നൽകുവാൻ കഴിയു കാരണം അവൻ "സമാധാനത്തിന്റെ ദൈവം ആകുന്നു" (4:9). "സകല ബുദ്ധിയേയും കവിയുന്ന" എന്ന പ്രയോഗം തർജിമ ചെയ്തിരിക്കുന്നത് *ഹുപെരെകൗസാ* ("ഉപരിയായി") *പാന്റാ* ("എല്ലാം അല്ലെങ്കിൽ സകലവും") *നാമം*[19] ("മനസ്" അല്ലെങ്കിൽ "ചിന്ത") അർത്ഥം, "എല്ലാ മനസുകളുടേയും ഉപരിയായി" അല്ലെങ്കിൽ "എല്ലാ ചിന്തകൾക്കുമുപരിയായി". ദൈവം നൽകുന്ന സമാധാനം നൽകുവാൻ മനുഷ്യ മനസിനു കഴിയുകയില്ല എന്നതാണ് ആ വാക്ക് പറയുന്നത്. ഒരുപക്ഷെ, നിസാരമായ അർത്ഥമായിരിക്കാം ഉദ്ദേശിച്ചത്: ദൈവ സമാധാനം മനോഹരവും അത്ഭുതകരവുമാണ്, പരിമിത മനസുകൾക്ക് അതു മനസിലാക്കുവാൻ പ്രയാസമാണ്. വിവിധ തർജിമകളും സമാന്തരപ്രയോഗങ്ങളും പ്രയോഗങ്ങളെ വ്യക്തമാക്കുവാൻ ഉപയോഗിച്ചിരിക്കുന്നു:

എൻസിഇൗവി: "നമുക്ക് മനസിലാകാത്ത വിധത്തിൽ വലുതാണ്."
ഫിലിപ്സ്: "മനുഷ്യ ബുദ്ധിയെ കവിയുന്നതാണ്."
എൽബി: "മനുഷ്യ മനസിനു മനസി–ലാക്കുവാൻ കഴിയുന്നതിനപ്പുറമായി മനോഹരമാണ്."

ക്രിസ്തുവിന്റെ സ്നേഹത്തെ പോലെ, ദൈവത്തിൽ ആശ്രയിച്ച് വിശ്വസ്തത പുലർത്തുന്ന ദൈവ പൈതലിന്ന് "ജ്ഞാനത്തെ കവിയുന്ന ദൈവസമാധാനം" (എഫെ. 3:19) അവകാശമാക്കുവാൻ കഴിയും. അത് ലഭിച്ചവർക്ക് അതിന്റെ അർത്ഥം പൂർണ്ണമായി ബോധ്യപ്പെടുത്താൻ കഴിയുകയില്ല; ലഭിക്കാത്തവർക്ക് അത് കാണുമ്പോൾ വിസ്മയം അനുഭവപ്പെടും. ക്രിസ്ത്യാനികൾക്ക് ഇതേ പ്രശ്നം ഉണ്ടായിട്ടും അവനു എങ്ങനെ സമാധാനമായിരിപ്പാൻ കഴിയുന്നു എന്നതാണ് ലഭിക്കാത്തവരുടെ ചിന്ത!

ഈ പറഞ്ഞറിയിക്കുവാൻ കഴിയാത്ത സമാധാനം **ക്രിസ്തുയേശുവിൽ നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും കാക്കും** എന്നാണ് പൗലൊസ് ഫിലിപ്പിയരോട് പറഞ്ഞത്. "കാക്കുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഫ്രൗരയോ* എന്നതിന്റെ വകഭേദമാണ്) "ഒരു സൈനിക വാക്കാണ്, സൂക്ഷിക്കുക, കീഴിലുള്ളവരെ കാവൽ ചെയ്യുക ... ക്രിസ്തീയ ഭദ്രതക്കാണ് അത് ഉപയോഗിച്ചിരിക്കുന്നത് ... എല്ലാ കാര്യങ്ങളും അവൻ ദൈവകരങ്ങളിൽ ഏൽപി

ക്കുമ്പോൾ,"[20] സ്വർഗത്താൽ സംരക്ഷിച്ച് ഭദ്രമാക്കിയ നഗരത്തെ ഊഹിക്കുക. പിന്നെ അതിലെ പൗരന്മാർ സുരക്ഷിതരാണെന്ന ഭാവത്തിൽ ദൈനന്തിന ജോലികൾക്കായി പോകുന്നതും ഊഹിക്കുക. അത്തരം ഭാവന കാണിക്കുന്ന വാക്കാണ് ഇവിടെ ഉപയോഗിച്ച "കാക്കും" എന്നത്.

എങ്ങനെയായാലും, എന്താണ് കാക്കുന്നത്: "... നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും." "ഹൃദയങ്ങളും" "മനസുകളും" എന്നു പറയുന്നത് ക്രിസ്ത്യാനിയുടെ ആന്തരിക വ്യക്തിത്വത്തെ മുഴുവനായിട്ടുമാണ്. (ഒരു വേദഭാഗത്തിൽ "ഹൃദയം" എന്നത് ഊന്നൽ ചെലുത്തിയിരിക്കുന്നത് വൈകാരികതയെയും, "മനസ്" എന്ന വാക്ക് ചിന്തകളെയും ആണ്.) പുറത്തെ മനുഷ്യനെയല്ല, സൂക്ഷിക്കേണ്ടത് അകത്തെ മനുഷ്യനെയാണ്. വാസ്തവത്തിലുള്ള സമാധാനം എന്ത് എന്ന് അറിയാത്തതാണ് തടസമായിരിക്കുന്നത്. ദൈവം തങ്ങളുടെ ബാഹ്യമനുഷ്യനെ കാത്തുകൊൾവാനാണ് പലരും ആഗ്രഹിക്കുന്നത്. തങ്ങളുടെ ചുറ്റുമുള്ള അന്തരീക്ഷം എപ്പോഴും സമാധാനമായിരിപ്പാനാണ് അവർ ആഗ്രഹിക്കുന്നത്. കർത്താവ് തന്റെ ജനത്തെ കൊടുങ്കാറ്റു രഹിതമായോ, രോഗ–വിമുക്തമായോ, അല്ലെങ്കിൽ, വഷളാക്കാതെ–തടസപ്പെടുത്തുമെന്നോ കർത്താവ് ഒരിക്കലും വാഗ്ദാനം കൊടുത്തിരുന്നില്ല. നമ്മുടെ ഹൃദയങ്ങളെയും നിനവുകളെയും കാക്കും എന്നാണ് അവൻ വാഗ്ദാനം ചെയ്തത്–നമ്മുടെ ശരീരങ്ങൾ എന്തു സംഭവിച്ചാലും ശരി. അതുകൊണ്ട്, പൗലൊസിന് തന്റെ ബാഹ്യമനുഷ്യൻ നശിച്ചുപോകുന്നുവെങ്കിലും "ആന്തരിക മനുഷ്യനു നാൾക്ക് നാൾ പുതുക്കം പ്രാപിക്കുവാൻ കഴിഞ്ഞിരുന്നു" (2 കൊ. 4:16)!

ഈ പ്രതിരോധം വാഗ്ദാനം ചെയ്തിരിക്കുന്നത് "ക്രിസ്തുയേശുവിൽ" ഉള്ളവർക്ക് മാത്രമാണ്. അവനോടു ചേരുവാൻ സ്നാനപ്പെടാത്തവർക്കും (റോമർ 6:3) അവനിൽ നടക്കാത്തവർക്കും (ജീവിക്കാത്തവർക്ക്) സംരക്ഷണ വാഗ്ദാനം ഇല്ല (കൊലൊ. 2:6 നോക്കുക). "അവന്റെ അധികാരത്തിന്നു കീഴ്പ്പെട്ട് അവനെ അനുസരിക്കുമ്പോൾ മാത്രമണ് നമുക്ക് ദൈവത്തിന്റെ സമാധാനം എന്ന സമ്മാനവും സംരക്ഷണവും ലഭിക്കുന്നത്."[21]

## പ്രായോഗികത

**സമാധാനം (4:4–7)**

കുഴപ്പമുള്ള നമ്മുടെ ലോകം സമാധാനം കാംക്ഷിക്കുന്നു. യുദ്ധം–പൊട്ടിപ്പുറപ്പെട്ട ദേശങ്ങളിൽ നാശ–നഷ്ടവും മരണവും തുടർക്കഥയാകുമ്പോൾ അവർ സമാധാനത്തിനായി ദാഹിച്ച് വിളിച്ചപേക്ഷിക്കും. ചില ഭവനങ്ങളിൽ എന്നും കലഹവും വഴക്കും സംഭവിക്കുമ്പോൾ, അയൽക്കാർ സമാധാനം കാംക്ഷിക്കും. ചിലർ താമസിക്കുന്നതിനു ചുറ്റും സമാധാനപരമായ അന്തരീക്ഷമായിരിക്കും, പക്ഷെ അവരുടെ ഉള്ളിൽ ഭിന്നതയും നിരാശയും നിറഞ്ഞിരിക്കയാൽ അവർ സമാധാന മനസിനായി ആഗ്രഹിക്കുന്നു.

യേശു ജനിച്ചപ്പോൾ, ഘോഷിച്ചു പറഞ്ഞത് "അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യന്നു സമാധാനം" (ലൂക്കൊ. 2:14). യേശു തന്റെ മരണത്തിന്നു മണിക്കൂറുകൾക്ക് മുൻപ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു:

> സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്ക് തരുന്നത് നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയുമരുത് (യോഹ. 14:27).

> നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്ന് ഇത് നിങ്ങളോട് സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു (യോഹ. 16:33).

എന്തുകൊണ്ടാണ് നമുക്ക് സമാധാനം ഇല്ലാത്തത്? ചുരുങ്ങിയത് രണ്ട് തടസങ്ങൾ നിലനിൽക്കുന്നു: ഒന്ന്, വാസ്തവത്തിലുള്ള സമാധാനം എന്താണെന്ന് പലർക്കും അറിയില്ല; അവരുടെ സമാധാന ആശയം എന്നത് സമാധാന അന്തരീക്ഷം അല്ലെങ്കിൽ കലഹമില്ലാത്ത അവസ്ഥയാണ്. രണ്ട്, നിലനിൽക്കുന്നതും, വാസ്തവത്തിൽ തൃപ്തിപ്പെടുത്തുന്നതുമായ സമാധാനം കർത്താവിൽനിന്നു മാത്രമാണ് ലഭിക്കുന്നത് എന്ന് അധികം പേർക്കും അറിയുകയില്ല.

**"കർത്താവിൽ സന്തോഷിപ്പിൻ" (4:4)**

നാം "ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റു"; ഇപ്പോൾ "ക്രിസ്തുവിൽ" ആയി, അതുകൊണ്ട് നന്ദി പറയുവാൻ പല കാരണങ്ങളുണ്ട് (റോമർ 6:3, 4; ഗലാ. 3:26, 27; എഫെ. 1:3). തനിക്ക് സന്തോഷിക്കുവാനുള്ള കാരണങ്ങൾ ട്രൂമാൻ സ്പ്രിങ് നിരത്തിയിരിക്കുന്നു:[22]

> എന്റെ പാപങ്ങൾ അവൻ കഴുകിയപ്പോൾ രക്ഷ എനിക്കു നൽകി.
> സത്യത്തിന്റെ വിജയം ഉറപ്പാക്കി എനിക്ക് കൂട്ടായ്മ നൽകി (1 യോഹ. 1:7, 8).
> എന്നിൽ പ്രത്യാശ ജ്വലിപ്പിക്കുന്നു.
> എന്റെ പേർ സ്വർഗത്തിൽ എഴുതപ്പെട്ടു.
> ദൈവം എന്റെ പിതാവായി തീരുകയും ചെയ്തു ക്രിസ്തു എനിക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു. അവൻ എന്റെ ബലഹീനതകൾ അറിഞ്ഞ്, എന്റെ ജീവിതത്തിലെ ഏതു സാഹചര്യത്തിലും എന്നെ ബലപ്പെടുത്തി നിലനിർത്തും.

ഈ ലിസ്റ്റിനോടുകൂടെ വേറെയും അനുഗ്രഹങ്ങൾ നിങ്ങൾക്ക് കൂട്ടിച്ചേർക്കാം. ആരോ പറഞ്ഞു, "സമാധാനം എന്നത് കുഴപ്പമില്ലായ്കയല്ല, മറിച്ച് കർത്താവിന്റെ സാന്നിധ്യമാണ്"!

**"കർത്താവ് വരുവാൻ അടുത്തിരിക്കുന്നു" (4:5)**

നാം ചെയ്യുന്നതെല്ലാം കർത്താവ് കാണുന്നു എന്നത് കാര്യങ്ങൾ നന്നായി ചെയ്യുവാൻ നമ്മെ പ്രചോദിപ്പിക്കുന്നു (എബ്രാ. 4:13). അവൻ എപ്പോഴും നമ്മുടെ ഭാഗത്തുണ്ട് എന്നു മനസിലാക്കിയാൽ (എബ്രാ. 13:5), നാം ചെയ്യേണ്ടത് ചെയ്യുവാൻ നമുക്ക് ശക്തി പകരുന്നു. സന്ദർഭത്തിൽ, ഫിലിപ്പിയർ 4:5 ഒരുപക്ഷെ കർത്താവിന്റെ രണ്ടാം വരവ് എപ്പോഴും ആസന്നമായിരിക്കുന്നു

എന്നതായിരിക്കാം സൂചന. കർത്താവ് ഏതു നിമിഷവും വരും എന്ന വസ്തുത നമ്മിൽ സന്തോഷം നിറക്കും (വെളി. 22:20 നോക്കുക). കൂടാതെ അത് നമ്മെ ചിന്തിക്കേണ്ടതുപോലെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ശക്തമാക്കും (ലൂക്കൊ. 12:40; 1 യോഹ. 3:3 നോക്കുക)–എല്ലാവരോടും!

**എത്ര ശക്തമായി നാം സമാധാനം കാംക്ഷിക്കണം?**

സമാധാനം–നാം അത് ആഗ്രഹിക്കുന്നു, എന്നാൽ ആ സമാധാനം നമ്മിൽ വരേണ്ടതിന് ആവശ്യമായത് എല്ലാം നാം ചെയ്യുന്നുണ്ടോ? നിലനിൽക്കുന്ന സമാധാനത്തെ കുറിച്ച് ഇംഗ്ലണ്ടിലെ മുൻപ്രസിഡണ്ടായിരുന്ന ജെയിംസ് രാംസേ മാക്ഡൊണാൾഡ് മറ്റൊരു ഗവൺമെന്റ് ഉദ്യോഗസ്ഥനുമായി സംസാരിക്കുകയായിരുന്നു. ഉദ്യോഗസ്ഥൻ വിചാരിച്ചത് ഡൊണാൾഡിന്റെ കാഴ്ചപ്പാട് നിഷ്ക്കളങ്കമായിരുന്നു എന്നാണ് "സമാധാനം കാംക്ഷിക്കുന്നതിനാൽ അതു ലഭിച്ചു എന്ന് ഉറപ്പാക്കരുത്." "അത് ശരിയാണ്." പ്രധാന മന്ത്രി പറഞ്ഞു, "ആഹാരം കഴിക്കണമെന്ന ആഗ്രഹം വിശപ്പ് ശമിപ്പിക്കുന്നില്ല, അതു ചുരുങ്ങിയത് ഒരു ഹോട്ടലിലേക്ക് നിങ്ങളെ നയിക്കും."[23] സമാധാനത്തിനായുള്ളതിന് ശക്തമായി നാം ആഗ്രഹിക്കുകയാണെങ്കിൽ, അതിനു ആവശ്യമായത് ചെയ്യുവാൻ നാം ആരംഭിക്കും:

കർത്താവിൽ സന്തോഷിക്കൽ,
മധുരമായ മനോഭാവത്താൽ നാം മറ്റുള്ളവരോടു ബന്ധപ്പെട്ട്,
വിചാരപ്പെടുന്നത് ഒഴിവാക്കി, നമ്മുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ കർത്താവിനോട് അറിയിക്കും.

നാം പൗലൊസിന്റെ നിർദ്ദേശങ്ങളെല്ലാം അനുസരിച്ചാൽ, ആഗ്രഹിച്ച ഫലം നമ്മിൽ ഉണ്ടാകും: "സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം [നമ്മുടെ] ഹൃദയങ്ങളെയും [നമ്മുടെ] നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും"!

---

കുറിപ്പുകൾ

[1]വാരെൻ ഡബ്ലിയു വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം 2 (വീറ്റൺ Ill.: വിക്ടർ ബുക്സ്, 1989), 96. കൂടാതെ, ജോൺ എഫ്. വാൽവൂഡ്, ഫിലിപ്പിയൻസ്: ട്രയംഫ് ഇൻ ക്രൈസ്റ്റ്, എവെരിമാൻസ് ബൈബിൾ കമെന്ററി (ഷിക്കാഗോ മൂഡി പ്രസ്, 1971), 100. [2]നമുക്ക് നിയന്ത്രിക്കുവാൻ സാധ്യമല്ലാത്ത ജീവിതത്തിലെ പല കാര്യങ്ങളും ആവൻ മലോൺ നൽകിയിരിക്കുന്നു, *പ്രെസ് ടു ദ പ്രൈസ്*: സ്റ്റഡീസ് ഇൻ ഫിലിപ്പിയൻസ് (നാഷ്വിലേ:20ത് സെഞ്ചുറി ക്രിസ്റ്റ്യൻ, 1991), 104. [3]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, *ഫിലിപ്പിയൻസ്*, വേർഡ് ബിബ്ലിക്കൽ കമെന്ററി, വാല്യം 43 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983), 182. [4]ഇബിഡ്. [5]റിച്ചാർഡ് ബി. ഗഫിൻ, ജൂനിയർ., നോട്ട്സ് ഓൺ ഫിലിപ്പിയൻസ്, *ദ എൻഐവി സ്റ്റഡി ബൈബിൾ,* എഡി. കെന്നെത്ത് ബാർക്കെർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1985), 1808. [6]ഹാവ്ത്രോൺ, 182. "അ ... റിയട്ടെ" എന്നത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *ജിനോസ്കോ* എന്നാണ്. [7]ബോബ് ലിയോൺസ്, "ഗോഡ്സ് സർവൈവൽ കിറ്റ്" സെർമൺ പ്രീ

ച്ച്ഡ് അറ്റ് ദ ജുഡ്സാനിയ ചർച്ച് ഓഫ് ക്രൈസ്റ്റ്, ജുഡ്സാനിയ, അർക്കൻസാസ്, 16 ഫെബ്രുവരി, 2003. [8]കെജെവിയിൽ "കെയർഫുൾ" എന്നാണ്, കിങ് ജെയിംസിന്റെ കാലത്ത് ഉപയോഗിച്ച അതേ അർത്ഥത്തിൽ നാം ഇന്നു "കെയർഫുൾ" എന്ന വാക്ക് ഉപയോഗിക്കുകയില്ല. അന്നത്തെ അർത്ഥം, "മുഴുവൻ ശ്രദ്ധയും" എന്നായിരുന്നു; ഇന്നത്തെ അതിന്റെ അർത്ഥം "സുരക്ഷിതമായി ശ്രദ്ധിക്കുക" എന്നാണ്. കെജെവിയിൽ "കെയർഫുൾ" എന്നു ഉപയോഗിച്ചിരിക്കുന്നതിനാൽ പൗലൊസ് അതിനെ കുറ്റപ്പെടുത്തിയല്ല പറഞ്ഞതെന്നും "സ്വയ–കേന്ദ്രീകൃതമായ വിചാരത്തെയാണ് നിഷിദ്ധമായി പറഞ്ഞിരിക്കുന്നതെന്നുമാണ് ചില വ്യാഖ്യാതാക്കൾ കരുതുന്നത്" (ഗഫിൻ, 1808 നോക്കുക). [9]ഡബ്ല്യു ഈ. വൈൻ, ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ദ ന്യൂടെസ്റ്റമെന്റ് വേർഡ്സ്, എഡി. ജോൺ ആർ. കോഹ്ലെൻബെർജർ III (മിന്നെപ്പൊലിസ്: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 160. [10]ക്വോട്ടഡ് ഇൻ ജോൺ ഏ. നൈറ്റ്, വില്യം എം. ഗ്രെയിറ്റ് ഹൗസ്, ആന്റ് ജെ. ഫ്രെഡ് പാർക്കെർ, *ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ഫിലെമോൻ*, ബീക്കൺ ബൈബിൾ എക്സ്പൊസിഷൻസ് (കന്നാസ് സിറ്റി, മോ.: ബീക്കൺ ഹിൽ പ്രസ്, 1985), 114.

[11]മാക്സി ഡി. ഡുന്നം, *ഗലേഷ്യൻസ്, എഫെഷ്യൻസ്, ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ഫിലെമോൻ*, ദ കമ്മ്യൂണിക്കേറ്റേഴ്സ് കമെന്ററി (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1982), 313–14. [12]വാൽവൂഡ്, 106. [13]റാൽഫ് പി. മാർട്ടിൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്* എഡി., ടിന്റേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 171. [14]ചാൾസ് ആർ. ഏർഡ്മാൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്* (ഫിലദെൽഫിയ: ദ വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1932; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1983), 141. [15]നമുക്ക് ഉന്നയിക്കുവാൻ പാടില്ലാത്ത ആവശ്യങ്ങളുമുണ്ട് (ഉദാഹരണത്തിന്, യാക്കൊ. 4:3 നോക്കുക). നിയമപരമായ ആവശ്യങ്ങൾ ജെയിംസ് ബർട്ടൻ കോഫ്മാൻ, കമെന്ററി ഓൺ *ഗലേഷ്യൻസ്, എഫെഷ്യൻസ്, ഫിലിപ്പിയൻസ് ആന്റ് കൊലൊഷ്യൻസ്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1977), 321–22. [16]വില്യം ബാർക്ലേ, *ദ ലെറ്റേഴ്സ് ടു ദ ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ആന്റ് തെസലൊണിയൻസ്*, റെവ., എഡി.ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1975), 77. [17]ലിയോൺ ബാർണെസ്, *ദാറ്റ് യു മേ നോ ക്രൈസ്റ്റ്*: സ്റ്റഡീസ് ഫ്രം ഫിലിപ്പിയൻസ് (സിയേഴ്സി, ആർക്.: റിസോഴ്സ് പബ്ലിക്കേഷൻസ്, 1992), 149. [18]കോഫ്മാൻ, 321. [19]പ്രൊനൗൺസ്ഡ് "നൂൺ." [20]വൈൻ, 513.

[21]നൈറ്റ് ഗ്രെയിറ്റ്ഹൗസ്, ആന്റ് പാർക്കർ, 115, അതേ പരാമർശം മാർട്ടിൻ 173 ലും, ഹാവ്ത്രോൺ 185 ലും കാണാം. [22]എടുത്തിരിക്കുന്നത് ട്രൂമാൻ സ്പ്രീങ്സ് ഡിവോഷ്ണൽ, പവർ ഫോർ ടുഡേ (ജൂൺ 1956), 40. [23]എടുത്തത്, ജെയിംസ് എസ്. ഹെവെറ്റ്, എഡി. ഇല്ലസ്ട്രേഷൻസ്, അൺലിമിറ്റഡ് (വീറ്റൺ, Ill.: ടിന്റേൽ ഹൗസ് പബ്ലിഷേഴ്സ്, 1988), 403.